# ദുരന്തങ്ങൾ ഈ ഉദ്യോഗസ്ഥരെ ഒന്നും പഠിപ്പിക്കുന്നില്ല

തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ഇന്ത്യയിൽ വേഗത്തിൽ രജിസ്ട്രേഷൻ കിട്ടുന്നതിനും വിപണനം സുഗമമാക്കുന്നതിനും ഇന്ത്യയിലെ ഉദ്യോഗസ്ഥർക്ക് ഡൗ കെമിക്കൽസ് വലിയ തുക കൈക്കൂലി കൊടുത്തിരിക്കുന്നു. ഭോപ്പാൽ ദുരന്തത്തിന് കാരണക്കാരായ യൂണിയൻ കാർബൈഡിനെ ഏറ്റെടുത്ത അതേ ഡൗ കെമിക്കൽസ് തന്നെ ! വലിയ ദുരന്തങ്ങളെപ്പോലും മറക്കാൻ തീർച്ചയായും പണം ഒരു മാനദണ്ഡം തന്നെ.

അമേരിക്കൻ കമ്പിനികളിൽ നിന്ന് ഇന്ത്യൻ ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങിയതിന്റെ കണക്കുകൾ അടുത്തിടെ പുറത്തുവന്നിരുന്നു. കൈക്കൂലി നൽകിയ കമ്പനികൾക്കു പിഴ ചുമത്തിയ കാര്യം അമേരിക്കൻ ഭരണകൂടം ഇന്ത്യൻ നയതന്ത്ര കാര്യാലയത്തെ അറിയിച്ചപ്പോഴാണ് ഇക്കാര്യം നമ്മുടെ ഭരണകർത്താക്കൾ അറിഞ്ഞത്. കൈക്കൂലി വാങ്ങിയതിൽ ഇന്ത്യൻ ഇൻസെക്ടിസൈഡ് ബോർഡിലെ ഉദ്യോഗസ്ഥരും അംഗങ്ങളുമുണ്ടായിരുന്നു. കൈക്കൂലി നൽകിയത് ഡൗ കെമിക്കൽസ് എന്ന കമ്പനിയാണ്. 2001ൽ യൂണിയൻ കാർബൈഡിനെ ഏറ്റെടുത്ത അതേ കമ്പനി. തങ്ങളുടെ ഉത്പന്നങ്ങൾക്ക് ഇന്ത്യയിൽ വേഗത്തിൽ രജിസ്ട്രേഷൻ കിട്ടുന്നതിനും വിപണനം സുഗമമാക്കുന്നതിനുമാണ് കൈക്കൂലി നൽകിയത് എന്ന് ഡൗ കെമിക്കൽസ് തന്നെ സമ്മതിക്കുന്നു. 1996നും 2001 നുമിടയിൽ നിരവധി ഉദ്യോഗസ്ഥർക്കു കൈക്കൂലി നൽകിയിട്ടുണ്ട്. കീടനാശിനികളുടെയും മറ്റും വിപണം നിയന്ത്രിക്കുന്നതിനു ചുമതലപ്പെട്ട വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥർക്കും കൈക്കൂലി നൽകിയതായി ഡൗ കെമിക്കൽസ് പറയുന്നു. 100 ഡോളറിൽ താഴെയുള്ള ചെറിയ തുകയാണ് ഉദ്യോഗസ്ഥർക്ക് നൽകിയത്. അഞ്ചു വർഷത്തിനിടെ കൈമാറിയത് 87,400 ഡോളർ മാത്രവും.

ഡൗ പോലുള്ള കുത്തകകളുടെ സ്വാധീനത്തിലും പ്രലോഭനത്തിലും വഴങ്ങുന്നവർ ഭരണ നേതൃത്വത്തിൽ മാത്രമല്ല, ഉദ്യോഗസ്ഥ തലത്തിലും ധാരാളമാണെന്നതിന് തെളിവാണ് ഈ വെളിപ്പെടുത്തൽ. വലിയ ദുരന്തങ്ങൾ നമ്മെ ഒന്നും പഠിപ്പിക്കുന്നില്ല എന്നതും അമേരിക്കയിൽ നിരോധിക്കപ്പെട്ട കീടനാശിനികളുടെയും മറ്റും ഇന്ത്യയിലെ വിപണനം സുഗമമാക്കുന്നതിനാവും ഈ കൈക്കൂലി എന്നും മനസ്സിലാക്കാൻ പ്രയാസമില്ല.

ഭോപ്പാലിലെ ദുരന്തത്തിന് ഉചിതമായ പ്രായശ്ചിത്തം ചെയ്യാതെ യൂണിയൻ കാർബൈഡിന്റെ (ഇപ്പോൾ ഡൗവിന്റെ) ഉത്പന്നങ്ങൾ ഇന്ത്യയിൽ വിൽക്കാൻ അനുവദിക്കില്ലെന്ന് നിലപാടെടുക്കാൻ നമ്മുടെ ഭരണകൂടത്തിന് അന്നു കഴിഞ്ഞില്ല. ഇപ്പോൾ കഴിയുകയുമില്ല. ഭോപ്പാലിലെ ദുരന്തത്തിനു ശേഷവും യൂണിയൻ കാർബൈഡ് പുറത്തിറക്കിയിരുന്ന ഉത്പന്നങ്ങൾ (എവറെഡി ബാറ്ററി പോലുള്ളവ) ഇന്ത്യയിൽ സുലഭമായിരുന്നു. അഞ്ച് ലക്ഷം ജനങ്ങളെ ദുരിതക്കയത്തിലേക്കു തള്ളിവിട്ട ഒരു കമ്പനിയുടെ ഉത്പന്നങ്ങൾ ഇന്ത്യൻ ഉപഭോക്താക്കളെ തുടർന്നും ചൂഷണം ചെയ്യുന്നതിൽ ആർക്കും ഒരു ചേതവുമുണ്ടായിരുന്നില്ല. പിന്നീട് അവർ സ്വന്തം ഉത്പന്നങ്ങൾ വിപണിയിലിറക്കുന്നതിന് കൈക്കൂലി നൽകിയപ്പോൾ അതും നമ്മൾ രണ്ടു കൈയും നീട്ടി സ്വീകരിച്ചു. കൈക്കൂലി നൽകിയെന്നു ഡൗ കെമിക്കൽസ് വെളിപ്പെടുത്തിയ ശേഷവും ഇന്ത്യൻ ഭരണകൂടം ഉദ്യോഗസ്ഥർക്കെതിരെ നടപടിയൊന്നുമെടുത്തില്ല. അന്വേഷണം നടത്തുന്നുവെന്ന പതിവ് മറുപടി കൃഷി മന്ത്രാലയം നൽകി. കൂടുതൽ ദുരന്തങ്ങൾക്കു കാത്തിരിക്കുന്ന ഭരണകൂടവും അതിനെ പിന്തുണക്കുന്ന ജനതയും ആൻഡേഴ്സണെപ്പോലുള്ളവർക്ക് ആയുസ്സും ആർഭാടവും നേരുക മാത്രമെ അവർക്കു ചെയ്യാനുള്ളു.

*(സിറാജ് ദിനപത്രം)*

**വായനക്കാരുടെ പ്രതികരണങ്ങൾ**

അറിയിപ്പുകൾ, അഭിപ്രായങ്ങൾ എല്ലാം എഴുതുക/വിളിക്കുക/അയക്കുക.
കേരളീയം, കൊക്കാലെ, തൃശൂർ-21
ഫോൺ : 0487-2421385, 9446576943
e-mail : robinkeraleeyam@gmail.com